**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 688.** **30.06.2016 ന് മറുപടിയ്ക്ക്**

**മയക്കുമരുന്നുകളുടെ വില്പനയും വ്യാപനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ വില്പനയും വ്യാപനവും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടോ; | (എ) | കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കമരുന്നുകളുടെ കടത്തും വിൽപ്പനയും ഉപയോഗവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793 ഉം, 970 ഉം എൻ.ഡി.പി.എസ് കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ് കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ കഞ്ചാവ് സുലഭമായി ലഭ്യമാകുന്ന സാഹചര്യത്തിൽ, നിയന്ത്രണത്തിനായി പ്രത്യേക നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് മയക്കമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ മയക്കമരുന്നുകളുടെ ഉപയോഗം കൂടുതലായി കണ്ടുവരുന്ന മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകി മയക്കമരുന്നുകളുടെ ഉപയോഗത്തിൽ നിയന്ത്രണം വരുത്തുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. ലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യ |

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വമ്പിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ നിലവിൽ മദ്യ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന എൻ.ഡി.പി.എസ് (Narcotic Drugs & Psychotropic Substances Act) പ്രകാരമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനോടൊപ്പം തന്നെ യുവതലമുറയെ മയക്കുമരുന്നിന്റെ നീരാളപ്പിടുത്തത്തിൽ നിന്ന് രക്ഷപ്പെടുത്തുവാനും സർക്കാർ ഇത്തരം നടപടികളിലൂടെ ലക്ഷ്യമിടുന്നു. |
| (സി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ കഞ്ചാവിന്റെ ഉപഭോക്താക്കളാക്കുന്ന അവസ്ഥ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകളുടെ ഉപഭോക്താക്കളാകുന്നത് തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് എക്സൈസ് വകുപ്പിന്റെ പരിശോധനകൾ ശക്തമാക്കിയിട്ടുള്ളതും പ്രസ്തുത സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നുമുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നുകൾ എത്തിക്കുന്നതായി സംശയിക്കുന്ന ആളുകളെ നിരീക്ഷിക്കുവാനും അവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ മയക്കുമരുന്നുകൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**